Talented Bankers Literary Panel
Book Introduction 211

പുസ്തകം പരിചയപ്പെടുത്തുന്നത്,
മാധവി വി കെ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
TFCPC, എറണാകുളം.

ഹവാന ക്ലബ്
റിജോ ജോർജ്

സ്പൈ ത്രില്ലറുകൾ എന്ന ഗണത്തിൽ പെടുന്ന ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാൻ താല്പര്യമുള്ള ഒരാളാണ് ഞാൻ. മലയാളത്തിൽ അതു പോലെ ശക്തമായ ഒരു അവതരണ രീതിയുള്ള പുസ്തകങ്ങൾ അധികം കണ്ടിട്ടില്ല. അതിനാൽ തന്നെ അധികം പ്രതീക്ഷ വെയ്ക്കാതെ വായിക്കാൻ തുടങ്ങിയതാണ് ഈ പുസ്തകം. സത്യത്തിൽ മറ്റു ചില പുസ്തകങ്ങൾ വാങ്ങിയപ്പോൾ ഒരെണ്ണം കൂടെ വാങ്ങുമ്പോൾ കിട്ടുന്ന ഡിസ്കൗണ്ടിനു വേണ്ടിയാണു ഇത് വാങ്ങിയത്. എന്നാൽ വായിച്ചു തുടങ്ങിയപ്പോൾ എന്റെ ധാരണകളെ തെറ്റിച്ച ഒരു പുസ്തകം. ഒരു ഇംഗ്ലീഷ് സ്പൈ ത്രില്ലർ വായിച്ച പോലെ ഉള്ള തോന്നൽ.

കഥ നടക്കുന്നത് ഇന്ത്യയിലും ചൈനയിലും ആയിട്ടാണ്. ISRO ശാസ്ജ്ഞനായ ഡോ . അൻസാരി വഖിയുദിന്റെ കൊലപാതകവും അദ്ദേഹത്തിന്റെ അടുത്ത് നിന്നും മോഷണം പോയ ഒരു ലാപ്ടോപ്പും ചില ഫയലുകളും അന്വേഷിക്കുന്ന RAW ഏജന്റുമാരുടെ അന്വേഷണയാത്രയും ആണ് പ്രമേയം. RAW ഏജന്റുമാരായ ജെയിൻ ഡാരയും മിഷിയയും ആണ് കേന്ദ്ര കഥാപാത്രങ്ങൾ.

ഡോ അൻസാരി വഖിയുദീൻ രാസവിഷമേറ്റാണ് കൊല്ലപ്പെട്ടതെന്നും ചൈനീസ് ചാര സംഘടനയാണ് ഇതിനു പിന്നിലെന്നും കണ്ടെത്തുന്നു. അദ്ദേഹത്തിന്റെ പുതിയ കണ്ടുപിടിത്തമായ സൂപ്പർ കോസ്മിക് മിസൈലിന്റെ രഹസ്യമാണ് നഷ്ടമായത്. അതു വീണ്ടെടുക്കാനുള്ള പ്രയത്നം ആണ് പിന്നീട്.

ഡാര ചൈനയിലെത്തുന്നു. അവിടെ അവരെ കാത്തിരിക്കുന്നത് എം എസ് എസ് ആണ്. ബാക്കി പറഞ്ഞാൽ അതു വായനാസുഖത്തെ ബാധിക്കും എന്നതിനാൽ കൂടുതൽ കഥയിലേക്ക് തിരിയുന്നില്ല.

പുസ്തകത്തിന്റെ പുറംചട്ടയിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം അന്വേഷണത്തിന്റെ ഓരോ ചുവടിലും വായനക്കാരൻ സിനിമ എന്നു ഉറക്കെ വിളിച്ചു പറയും എന്നാണ്. സത്യം ആണത്. വായിച്ചു തീരുമ്പോൾ ഒരു ഇംഗ്ലീഷ് സ്പൈ ത്രില്ലെർ സിനിമ കണ്ട ഒരു അനുഭവം ആയിരുന്നു.

എന്ത് കൊണ്ട് ഞാൻ ഇംഗ്ലീഷ് സ്പൈത്രില്ലറുകളുമായി താരതമ്യം ചെയ്യുന്നു എന്നു ചോദിച്ചാൽ അത്ര മികച്ച രീതിയിലാണ് ഇത് എഴുതിയിട്ടുള്ളത്.
കുറ്റാന്വേഷണ നോവൽ വായിക്കുവാൻ താല്പര്യം ഉള്ള ഒരാളാണ് എങ്കിൽ ഇതൊന്നു വായിച്ചു നോക്കു എന്നു തന്നെ ഞാൻ പറയുന്നു.

Publisher Mathrubhoomi books
Price Rs 250/-